# താങ്ങുവിലക്ക് കേരഫെഡ് കൊപ്ര സംഭരിക്കും

കോഴിക്കോട്: കേന്ദ്ര സർക്കാർ പ്രഖ്യാപിച്ച താങ്ങുവിലയ്ക്ക് കേരാഫെഡ് കൊപ്ര സംഭരിക്കും. കാസർകോട്, കണ്ണൂർ, വയനാട്, കോഴിക്കോട്, മലപ്പുറം, പാലക്കാട് ജില്ലകളിൽനിന്ന് ക്വിന്റലിന് 5100 രൂപ നിരക്കിൽ കൊപ്ര സംഭരിക്കാനാണ് തീരുമാനം. നാളികേര വികസനബോർഡിന്റെയും മറ്റും സഹകരണത്തോടെ ജില്ലകളിൽ 150 കേന്ദ്രങ്ങൾ തുടങ്ങും. നാളികേര ഉത്പാദക സംഘങ്ങൾ, കൃഷി വകുപ്പിന് കീഴിലുള്ള ക്ലസ്റ്ററുകൾ, കുടുംബശ്രീ യൂണിറ്റുകൾ, ജനശ്രീ യൂണിറ്റുകൾ എന്നിവ വഴി കൊപ്ര സംഭരിക്കും. കൊപ്രയാക്കി മാറ്റാൻ സൗകര്യമുള്ള തെരഞ്ഞെടുത്ത ഏജൻസികൾക്ക് കിലോക്ക് 14 രൂപ നിരക്കിൽ നാളികേരം സംഭരിക്കാനും തീരുമാനിച്ചിട്ടുണ്ട്. സംഭരണം ആരംഭിക്കുന്നതിന്റെ ഭാഗമായി ജില്ലാ കലക്ടർ ചെയർമാനും സഹകരണ സംഘം ജോയിന്റ് രജിസ്ട്രാർ കൺവീനറുമായി ജില്ലാ തല കമ്മിറ്റികൾ താമസിയാതെ നിലവിൽ വരും.

അടുത്ത ആഴ്ച തന്നെ സംഭരണം തുടങ്ങാൻ കഴിയുമെന്ന് അധികൃതർ അറിയിച്ചു. ഇതുമായി ബന്ധപ്പെട്ട് കേരാഫെഡ് ഓഫീസിൽ ചേർന്ന യോഗത്തിൽ മാനേജിംഗ് ഡയറക്ടർ ഡോ. കെ. പ്രതാപൻ അധ്യക്ഷത വഹിച്ചു. റീജ്യണൽ മാനേജർ വി.വി. ഹംസ, പ്ലാന്റ് മാനേജർ എസ്. പ്രകാശ്, നാഫെഡ് അസിസ്റ്റന്റ് മാനേജർ പി.ആർ. സുരേഷ്, സംസ്ഥാന വെയർഹൗസ് മാനേജർ പി.ജി. ബേബി തുടങ്ങിയവർ സംബന്ധിച്ചു.